# സാത്താന്റെ പരാജയം.

സാക് പുന്നൻ

WFTW 17 നവംബർ 2013

ഈ ഭൂമുഖത്തു നടന്ന ഏറ്റവും വലിയ പോരാട്ടത്തെ കുറിച്ച് ഒരു ചരിത്ര പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടില്ല. കാൽവരിയിൽ യേശു തന്റെ മരണത്തിലൂടെ ലോകത്തിന്റെ പ്രഭുവായ സാത്താനെ പരാജയപ്പെടുത്തിയതാണത്. നമ്മുടെ ജീവിത കാലത്തൊരിക്കലും മറക്കരുതാത്ത ഒരു

വാക്യമാണ് എബ്രായർ 2:14,15 വാക്യങ്ങൾ. ഇത് നാം അറിയരുത് എന്നാണ് സാത്താൻ ആഗ്രഹിക്കുന്നത്. ആരും തങ്ങളുടെ തോൽവിയെക്കുറിച്ചോ വീഴ്ചയെക്കുറിച്ചോ മറ്റുള്ളവർ അറിയണമെന്ന് ആഗ്രഹിക്കുന്നില്ല. സാത്താനും അങ്ങനെതന്നെ. ഇതാണ് ആ വാക്യങ്ങൾ 'മക്കൾ മാംസരക്തങ്ങളോടു കൂടിയവരാകയാൽ അദ്ദേഹവും മാംസരക്തങ്ങളുള്ളവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കികളഞ്ഞ് ജീവപര്യന്തം മരണഭീതിക്ക് അടിമകളായിരുന്നവരെ വിടുവിച്ചു.'

യേശു മരിച്ചപ്പോൾ അവിടുന്നു പിശാചിനെ ബലഹീനനാക്കി. എന്തിനു വേണ്ടി? അതിലൂടെ സാത്താൻ നമ്മുടെ മേൽ വച്ചിരുന്ന ഭയത്തിന്റെ ബന്ധനം അഴിച്ച് നമ്മെ എന്നെന്നേക്കുമായി സ്വതന്ത്രരാക്കുന്നതിനു വേണ്ടി. ലോകത്തിൽ മനുഷ്യർക്ക് പലതരം ഭയമുണ്ട്. രോഗഭയം , ദാരിദ്രഭയം, പരാജയഭയം , മനുഷ്യഭയം, ഭാവിയെക്കുറിച്ചുള്ള ഭയം തുടങ്ങിയവ. എങ്കിലും എല്ലാ ഭയത്തിലും വലിയത് മരണഭയമാണ്. മരണഭയവുമായി താരതമ്യം ചെയ്താൽ മറ്റു ഭയങ്ങളെല്ലാം വളരെ നിസ്സാരമാണ്. മരണത്തിനു ശേഷം എന്ത് സംഭവിക്കും എന്ന ഭയത്തിലേക്കാണ് മരണഭയം നമ്മെ നയിക്കുന്നത്. പാപത്തിൽ ജീവിക്കുന്നവർ ഒടുവിൽ നരകത്തിലേക്ക് പോകുമെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. അനുതപിക്കാത്തവർക്ക് വേണ്ടി ദൈവം ഒരുക്കി വച്ചിരിക്കുന്ന സ്ഥലമാണത്. സാത്താനും അവനോടൊപ്പം അവന്റെ ചതിയിൽ പെട്ടവരായി പാപത്തിൽ ജീവിച്ചവരും അഗ്നിപൊയ്കയിലായിരിക്കും നിത്യത ചെലവഴിക്കുക.

നമ്മുടെ പാപത്തിന്റെ ശിക്ഷ ഏറ്റെടുത്തുകൊണ്ട് നമ്മെ നിത്യ നരകത്തിൽ നിന്നും രക്ഷിക്കുവാനാണ് യേശു ഈ ഭൂമിയിലെക്ക് വന്നത്. സാത്താൻ നമ്മെ ഒരിക്കലും ദ്രോഹിക്കാതിരിക്കേണ്ടതിന്നു അവന്റെ ശക്തി അവിടുന്നു തകർത്തു. ഈയൊരു സത്യം ജീവിതകാലം മുഴുവൻ ഓർക്കുക. 'സാത്താനെതിരെ ദൈവം ഇപ്പോഴും നിങ്ങളുടെ പക്ഷത്തുണ്ടായിരിക്കും.' ഈ മഹത്തായ സത്യമാണ് എനിക്ക് വലിയ ഉത്സാഹവും സമാധാനവും വിജയവും തന്നത്. ഇത് ലോകമെന്പാടും പോയി എല്ലാ വിശ്വാസികളോടും പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. വേദപുസ്തകം പറയുന്നു 'നിങ്ങളെത്തന്നെ ദൈവത്തിനു കീഴ്പെടുത്തുവിൻ, പിശാചിനോട് എതിർത്തു നിൽക്കുവിൻ അപ്പോൾ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. (യാക്കോ 4:7). യേശുവെന്ന നാമത്തിങ്കൽ സാത്താൻ ഓടി പോകും. പല ക്രിസ്ത്യാനികളുടെയും മനസ്സിലുള്ള ചിത്രം അവരെ പിടിക്കാൻ പുറകെ വരുന്ന സാത്താന്റെയും അതിൽ നിന്നും ജീവനുംകൊണ്ട് അവർ ഓടി രക്ഷപെടുന്നതിന്റെയും ആണ്. എന്നാൽ ഇത് വേദപുസ്തകം പഠിപ്പിക്കുന്നതിനു നേരെ എതിരായിട്ടുള്ളതാണ്. നിങ്ങൾ എന്താണ് കരുതുന്നത് ? സാത്താന് യേശുവിനെ ഭയമായിരുന്നുവോ അല്ലയോ? നമ്മുടെ രക്ഷകനായ യേശുവിന്റെ മുൻപിൽ നില്കാൻ തന്നെ സാത്താന് ഭയമാണെന്ന കാര്യം നമുക്കറിയാം. യേശു ഈ ലോകത്തിന്റെ വെളിച്ചമാണ്. അവിടുത്തെ മുന്പാകെ ഇരുട്ടിന്റെ അധികാരിക്ക് നില്കാൻ കഴിയുകയില്ല. സ്വർഗ്ഗത്തിൽ നിന്നുള്ള സാത്താന്റെ വീഴ്ചയെക്കുറിച്ച് യേശു തന്റെ ശിഷ്യന്മാരോട് ഇങ്ങനെയാണ് പറഞ്ഞത്. ദൈവം പുറത്താക്കിയപ്പോൾ സാത്താൻ 'മിന്നൽ പോലെ വീണു' ( ലൂക്കോ 10:18) . മരുഭൂമിയിൽ വച്ച് യേശു സാത്താനോട് 'സാത്താനേ എന്നെ വിട്ടു പോകൂ' എന്ന് പറഞ്ഞപ്പോഴും മിന്നലിന്റെ വേഗത്തിലാണ് അവൻ യേശുവിന്റെ സാന്നിദ്ധ്യത്തിൽ നിന്നും അപ്രത്യക്ഷനായത്. നമ്മളും സാത്താനെ യേശുവിന്റെ നാമത്തിൽ എതിർത്താൽ അവൻ മിന്നലിന്റെ വേഗത്തിൽ നമ്മെ വിട്ടുപോകും. വെളിച്ചത്തിന്റെ മുൻപിൽ ഇരുട്ട് ഓടിയൊളിക്കും.

യേശുവെന്ന നാമത്തെ സാത്താൻ ഭയപ്പെടുന്നു. യേശു കർത്താവാണെന്ന വസ്തുത ഓർക്കാൻ തന്നെ അവൻ ഭയപ്പെടുന്നു. ദുരാത്മാവ് ബാധിച്ച ആളുകൾ ഒരിക്കലും യേശുക്രിസ്തു കർത്താവാണെന്നോ സാത്താൻ ക്രൂശിന്മേൽ തോല്പിക്കപ്പെട്ടുവെന്നോ ഏറ്റുപറയുകയില്ല. ഏതു ദുരാത്മാവിനേയും ഏതു പിശാചിനെയും മിന്നലിന്റെ വേഗത്തിൽ ഓടിച്ചുകളയുവാനുള്ള ശക്തി യേശുവിന്റെ നാമത്തിനുണ്ട്.അതൊരിക്കലും മറക്കരുത്.

ജീവിതത്തിൽ ഏതെങ്കിലും സമയത്ത് നിങ്ങൾക്കൊരു കഷ്ടതയുണ്ടാകുന്പോഴൊ പരിഹരിക്കാൻ കഴിയില്ല എന്ന് തോന്നുന്ന ഏതെങ്കിലും പ്രശ്നത്തെ നേരിടുന്പോഴോ, മാനുഷികമായി ഉത്തരം ലഭിക്കുകയില്ല എന്ന് കരുതുന്ന ഒരു കാര്യത്തെ അഭിമുഖീകരിക്കുന്പോഴോ യേശുവെന്ന നാമത്തെ വിളിക്കുക. അവിടുത്തോട് പറയുക 'കർത്താവായ യേശുവേ, അവിടുന്ന് സാത്താനെതിരേ എന്റെ ഭാഗത്തുണ്ട്. ഇപ്പോൾ എന്നെ സഹായിക്കേണമേ'. എന്നിട്ട് സാത്താനു നേരെ തിരിഞ്ഞ് അവനോട് പറയുക 'യേശുവിന്റെ നാമത്തിൽ സാത്താനെ ഞാൻ നിന്നെ എതിർക്കുന്നു'. ഞാൻ പറയട്ടെ, യേശു ക്രൂശിൽ സാത്താനെ തോല്പിച്ചുകഴിഞ്ഞിരിക്കയാൽ അവൻ നിങ്ങളെ വിട്ട് ഉടനെ ഓടിപ്പോകും. നിങ്ങൾ വെളിച്ചത്തിൽ നടക്കുകയും യേശുവിന്റെ നാമത്തിൽ സാത്താനെ എതിർക്കുകയും ചെയ്താൽ അവനു നിങ്ങളുടെ മേൽ ഒരു ശക്തിയും ഉണ്ടായിരിക്കുകയില്ല.

തീർച്ചയായും സാത്താന് അവന്റെ പരാജയത്തെക്കുറിച്ച് നിങ്ങൾ അറിയണമെന്ന് ആഗ്രഹമില്ല. അതുകൊണ്ടാണ് ദീർഘകാലം അതു കേൾക്കുന്നതിൽ നിന്നും നിങ്ങളെ അവൻ തടഞ്ഞത്. അതു കൊണ്ടുതന്നെയാണ് പല പ്രസംഗകരെക്കൊണ്ടും അവന്റെ പരാജയത്തെക്കുറിച്ച് പ്രസംഗിപ്പിക്കാതിരിക്കുന്നതും. കർത്താവായ യേശുക്രിസ്തു ക്രൂശിന്മേൽ സാത്താനെ എന്നെന്നേയ്ക്കുമായി പരാജയപ്പെടുത്തിയെന്നത് നിങ്ങളെല്ലാവരും വ്യക്തമായി അറിയണമെന്നതാണ് എന്റെ ആഗ്രഹം. നിങ്ങളിനി ഒരിക്കലും സാത്താനെ ഭയപ്പെടേണ്ടതില്ല. അവന് നിങ്ങളെ ബുദ്ധിമുട്ടിക്കുവാനോ ദ്രോഹിക്കുവാനോ കഴിയുകയില്ല. പല വിശ്വാസികളുടെ മേലും സാത്താന് അധികാരം ഉണ്ടായതിനുകാരണം അവർ ഇരുട്ടിൽ നടക്കുന്നതുകൊണ്ടാണ്. അല്ലെങ്കിൽ അവർ ഏതെങ്കിലും രഹസ്യപാപത്തിൽ ജീവിക്കുകയോ, ആരോടെങ്കിലും ക്ഷമിക്കാതിരിക്കുകയോ, ആരോടെങ്കിലും അസൂയപ്പെട്ടിരിക്കുകയോ, സ്വാർത്ഥതയോടെ പെരുമാറുകയോ ചെയ്യുന്നുണ്ടാവാം. അപ്പോൾ സാത്താന് അവരുടെ മേൽ അധികാരം ലഭിക്കും. അല്ലെങ്കിൽ അവനു അവരെ തൊടുവാൻ പോലും കഴിയുകയില്ല.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)